**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2722** **13-10-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി/എസ്.ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ്** | | **Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പല എസ്.സി/എസ്.ടി. കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും നിർജ്ജീവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 682 പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളിൽ 296 സംഘങ്ങൾ മാത്രമാണ് പ്രവർത്തനക്ഷമ മായിട്ടുള്ളത്. ഇവയിൽ തന്നെ 16 സംഘങ്ങൾ മാത്രം ലാഭത്തിൽ പ്രവർത്തിക്കുന്നു. ബാക്കി 386 സംഘങ്ങൾ നിർജ്ജീവാവസ്ഥയിലാണ്. |
| (ബി) | പ്രസ്തുത സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി പട്ടികജാതി വകുപ്പിന്റെ നേതൃത്വത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | നിർജ്ജീവ സംഘങ്ങളെ പ്രവർത്തനക്ഷമ മാക്കുന്നതിനും നാമമാത്രമായി പ്രവർത്തിക്കുന്ന സംഘങ്ങളെ ഉദ്ധരിക്കുന്നതിനും, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങൾക്ക് വേണ്ടി ഒരു സമഗ്ര വികസന പുനരുദ്ധാരണ പരിശീലന പദ്ധതി നടപ്പാക്കുന്നതിനുള്ള ഒരു പദ്ധതി നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സഹകരണ വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, സംസ്ഥാന സഹകരണ യൂണിയൻ എന്നീ സ്രോതസ്സുകളിൽ നിന്നും ധനസമാഹരണം പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ ആകെ ചെലവ് കണക്കാക്കിയിട്ടുള്ളത് 360 ലക്ഷം രൂപയാണ്. ആകെ തുകയുടെ 30% മായ ഒരു കോടി എട്ട് ലക്ഷം രൂപ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പദ്ധതി വിഹിതമായി കണക്കാക്കിയാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. ആയത് സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്. മൂന്നു വർഷക്കാലം നീണ്ടു നിൽക്കുന്ന ഈ സമഗ്ര വികസന പരിശീലന പദ്ധതി നടപ്പാക്കുന്നതോടെ നിർജ്ജീവമായ സംഘങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കഴിയും. നിലവിൽ |

| | | | |
|---|---|---|---|
| | | | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നും 4225-80-195-99 ശീർഷകത്തിൽ ഫെഡറേഷന് ബഡ്ജറ്റ് വിഹിതമായി 2 കോടി രൂപ വകയിരുത്തുന്നത് ലഭിച്ചു വരുന്നുണ്ട്. ഓഹരി മൂലധന ഇനത്തിൽ ലഭിക്കുന്ന ഈ തുക പട്ടികജാതി സഹകരണ സംഘങ്ങളുടെ വിവിധ പദ്ധതി നടത്തിപ്പുകൾക്കായി ഫെഡറേഷനിൽ നിന്നും വിതരണം ചെയ്യുന്നു. ഈ സഹായം ലഭിക്കുന്ന സംഘങ്ങൾ സജീവമായി പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ